**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 2001**

**17.12.2012-ൽ മറുപടിക്ക്.**

## അനധികൃത തോക്ക് ലൈസൻസുകൾ വിതരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. എം. ഷാജി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) വയനാട് ജില്ലയിൽ അനധികൃത തോക്ക് ലൈസൻസുകൾ വിതരണം ചെയ്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | : (എ) ഇല്ല. |
| (ബി) നിലവിൽ എത്ര ലൈസൻസുകൾ വിതരണം ചെയ്തിട്ടുണ്ട് ; എത്രയെണ്ണം അനധികൃതമായി വിതരണം ചെയ്തതാണെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട് ; | : (ബി) 1396 എണ്ണം ; നടപടിക്രമങ്ങൾ പാലിക്കാതെ 23 ലൈസൻസുകൾ പുതുക്കി നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനധികൃതമായി ലൈസൻസുകൾ വിതരണം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) അനധികൃത തോക്ക് ലൈസൻസുകൾ വർദ്ധിക്കുന്നത് തടയുന്നതിനായി എന്തെല്ലാം മുൻകരുതൽ സ്വീകരിച്ചിട്ടുണ്ട് ; | : (സി) കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും ജില്ലാ കളക്ടർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലാ കളക്ടറേറ്റുകളിലും ആയുധ ലൈസൻസുകൾ നൽകിയതുമായി ബന്ധപ്പെട്ട രേഖകൾ സർക്കാർ പരിശോധിക്കാറുണ്ട്. |
| (ഡി) അനധികൃതമായി തോക്ക് ലൈസൻസുകൾ വിതരണം ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; എത്ര ലൈസൻസുകൾ വ്യാജമെന്ന് കണ്ട് റദ്ദു ചെയ്തിട്ടുണ്ട് ? | : (ഡി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ